"ഭരണഭാഷ മാതൃഭാഷ"

ഫാക്സ് : 0471 2301611
ഫോൺ : 0471 2307227 (ഓഫീസ്)
ഇ–മെയിൽ : registrartcmc@gmail.com
www.medicalcouncil.kerla.gov.in

# ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽസ്

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള–35

C1. 5286/2018/MC

## മോഡേൺ മെഡിസിൻ ബിരുദധാരികളുടെയും ഇന്റേൺഷിപ്പ് ചെയ്യുന്നവരുടെയും ശ്രദ്ധയ്ക്ക്

മോഡേൺമെഡിസിനിൽ സ്ഥിരം രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുന്ന ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം നേരിട്ട അപേക്ഷകരെ സംബന്ധിച്ച് 04.05.2018 ൽ കൂടിയ കൗൺസിൽ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനം എടുത്തിട്ടുള്ള വിവരം എല്ലാവരെയും അറിയിക്കുന്നു.

1. മെഡിക്കൽ ബിരുദധാരികൾ പ്രൊവിഷണൽ രജിസ്ട്രേഷൻ നേടിയ ശേഷം ഒരു വർഷ കാലയളവിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കഴിയാത്തവർക്ക് ആയതിന് 3 മാസം സമയം ദീർഘിപ്പിച്ചു നല്കുന്നതാണ്.

2. അപ്രകാരം ദീർഘിപ്പിച്ചു നല്കിയ 3 മാസ കാലയളവിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കാത്തവരെ സംബന്ധിച്ച് 6 മാസം വരെയുള്ള കാലതാമസം മെഡിക്കൽ മെറ്റേണിറ്റി ലീവ് എന്നിവയുടെ അടിസ്ഥാനത്തിൽ കോളേജ് അധികൃതരുടെ വിശദീകരണം സഹിതം പരിശോധിച്ച് ആയത് അനുവദിക്കുന്നതാണ്. എന്നാൽ മേൽകാലയളവിലെ മെഡിക്കൽ/ മെറ്റേണിറ്റി രേഖകൾ ഹാജരാക്കാൻ കഴിയാത്തവരെ സംബന്ധിച്ച് 5000/- രൂപ പിഴയും കോളേജ് അധികൃതരുടെ വിശദീകരണവും സഹിതം സമർപ്പിക്കുന്ന അപേക്ഷ പരിഗണിക്കുന്നതാണ്.

3. മേൽപ്പറഞ്ഞ 6 മാസ കാലതാമസം കഴിഞ്ഞ് 2 വർഷത്തിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവരെ സംബന്ധിച്ച് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്ന് രണ്ടാം പ്രൊവിഷണൽ രജിസ്ട്രേഷൻ എടുക്കേണ്ടതും കോളേജ് അധികൃതരിൽ നിന്നും കാലതാമസത്തിനുള്ള വിശദീകരണവും 5,000 /- രൂപ (അയ്യായിരം രൂപ മാത്രം) പിഴ ഒടുക്കിയ രേഖയും സഹിതം അപേക്ഷിക്കേണ്ടതാണ്.

4. രണ്ടു വർഷത്തിൽ കൂടുതൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം നേരിട്ടവർ കോളേജ് അധികൃതരുടെ വിശദീകരണം, മെഡിക്കൽ സർട്ടിഫിക്കറ്റ്, 5000/- രൂപ പിഴ ഒടുക്കിയ രേഖ എന്നിവ സഹിതം അപേക്ഷിച്ചാൽ പ്രസ്തുത അപേക്ഷ കൗൺസിൽ പരിശോധിച്ചതിനു ശേഷം തീരുമാനമെടുക്കുന്നതാണ്.

5. നിശ്ചിതസമയപരിധിക്കകം മറ്റുകാരണങ്ങളാൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കഴിയാത്തവരുടെ അപേക്ഷകൾ അപേക്ഷകരുടെയും കോളേജ് അധികൃതരുടെയും വിശദീകരണം സഹിതം കൗൺസിൽ പരിശോധിച്ചതിന് ശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

തീയതി 04.05.2018

രജിസ്ട്രാർ